# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 19.06.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. നിലമ്പൂർ നിയമസഭാ ഉപതിരഞ്ഞെടുപ്പിൽ മികച്ച പോളിങ്. ഇതുവരെയുള്ള കണക്കുകൾ പ്രകാരം 70.76 ശതമാനമാണ് പോളിങ് നിരക്ക്.

   **Nilambur assembly by-election witnessed a good turnout. According to the figures so far, the polling rate is 70.76 percent.**

2. ഗുജറാത്ത്, പഞ്ചാബ്, പശ്ചിമബംഗാൾ എന്നീ സംസ്ഥാനങ്ങളിലെ നാല് നിയമസഭാ മണ്ഡലങ്ങളിലും ഇന്ന് ഉപതിരഞ്ഞെടുപ്പ് നടന്നു.

   **By-elections were held today in four assembly constituencies in the states of Gujarat, Punjab and West Bengal.**

3. ആഗോള വിദ്യാഭ്യാസ, ഗവേഷണരംഗങ്ങളിൽ ഇന്ത്യയുടെ മുന്നേറ്റത്തിന് തെളിവാണ് 'ക്യു. എസ്. ലോക സർവകലാശാല റാങ്കിങിൽ കൈവരിച്ച നേട്ടമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Prime Minister Narendra Modi said that the achievement in the 'QS World University Rankings' is proof of India's progress in the fields of global education and research.**

4. കേന്ദ്ര സർക്കാരിൻറെ പരിശ്രമത്തിലൂടെ സമൂഹത്തിൻറെ എല്ലാ മേഖലകളിലും സ്ത്രീശാക്തീകരണം ഉറപ്പാക്കാൻ സാധിച്ചതായി കേന്ദ്ര മന്ത്രി അന്നപൂർണ ദേവി.

   **Union Minister Annapurna Devi said that the efforts of the central government have ensured women empowerment in all sectors of society.**

5. ഇറാൻ- ഇസ്രയേൽ സംഘർഷം രൂക്ഷം.ഇറാനിലെ ഇന്ത്യക്കാരെ തിരികയെത്തിക്കുന്നതിനുള്ള ഓപ്പറേഷൻ സിന്ധു തുടരുന്നു.

Iran-Israel conflict intensifies. Operation Sindhu continues to bring back Indians in Iran.

6. ഇന്ത്യ -ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയ്ക്ക് നാളെ തുടക്കം..

**India-England Test cricket series begins tomorrow.**

****************************

## NILAMBUR

നിലമ്പൂർ നിയമസഭാ ഉപതിരഞ്ഞെടുപ്പിൽ കനത്ത പോളിങ്. ഇതുവരെയുള്ള കണക്കുകൾ പ്രകാരം 70.76 ശതമാനമാണ് പോളിങ് നിരക്ക്. നിരക്ക് ഇനിയും ഉയരും. വോട്ടെടുപ്പിനുള്ള സമയം ആറ് മണിയ്ക്ക് അവസാനിച്ചെങ്കിലും, ചില ബൂത്തുകളിൽ വോട്ടർമാരുടെ നീണ്ട നിര ദൃശ്യമാണ്. ക്യൂവിൽ തുടരുന്നവർക്ക് ടോക്കൺ നൽകി വോട്ട് ചെയ്യാനുള്ള അവസരം ഉറപ്പുവരുത്തിയിട്ടുണ്ട്. പ്രതികൂല കാലാവസ്ഥയ്ക്കിടയിലും മികച്ച പ്രതികരണമാണ് ആദ്യ മണിക്കൂറുകൾ മുതൽ തന്നെ നിലമ്പൂരിലെ വോട്ടർമാരിൽ നിന്നും ലഭിച്ചത്. ആവേശകരമായ പ്രചാരണത്തിൻറെ ഉത്സാഹം വോട്ടർമാരിലും പ്രകടമായിരുന്നു. എൽഡിഎഫിൻറെ എം സ്വരാജ്, യുഡിഎഫിൻറെ ആര്യാടൻ ഷൗക്കത്ത്, എൻഡിഎയുടെ മോഹൻ ജോർജ്, സ്വതന്ത്ര സ്ഥാനാർത്ഥി പി.വി അൻവർ തുടങ്ങി 10 സ്ഥാനാർത്ഥികളാണ് മത്സരരംഗത്തുള്ളത്. 2021 ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ 75 ശതമാനത്തിലേറെയായിരുന്നു നിലമ്പൂരിലെ പോളിംഗ്. എംഎൽഎ സ്ഥാനത്തു നിന്നും പി.വി അൻവർ കഴിഞ്ഞ ജനുവരിയിൽ രാജിവച്ചതിനെ തുടർന്നാണ് നിലമ്പൂരിൽ ഉപതിരഞ്ഞെടുപ്പ് നടന്നത്.

****************************

## ELECTION CANDIDATES

തികഞ്ഞ വിജയപ്രതീക്ഷയിലാണ് സ്ഥാനാർത്ഥികളെല്ലാവരും. എൽഡിഎഫ് സർക്കാരിനെതിരായ വിധിയെഴുത്താകും നിലമ്പൂരിലെ തിരഞ്ഞെടുപ്പ് ഫലമെന്ന് യുഡിഎഫ് സ്ഥാനാർത്ഥി ആര്യാടൻ ഷൗക്കത്ത് പ്രതീക്ഷ

പങ്കുവച്ചു. പോളിങ് നല്ലരീതിയിൽ നടന്ന് ജനാധിപത്യം അർഥപൂർണമാകട്ടെയെന്നായിരുന്നു എൽഎഡിഎഫ് സ്ഥാനാർത്ഥി എം സ്വരാജിൻറെ പ്രതികരണം. തിരഞ്ഞെടുപ്പ് ഫലത്തിൽ ശുഭപ്രതീക്ഷയുണ്ടെന്ന് എൻഡി എ സ്ഥാനാർത്ഥി മോഹൻ ജോർജ് പറഞ്ഞു. 75,000 ത്തിന് മുകളിൽ വോട്ടോടെ വിജയിക്കുമെന്ന ഉറച്ച ആത്മവിശ്വാസമാണ് സ്വതന്ത്ര സ്ഥാനാർത്ഥി പി.വി അൻവർ പങ്കുവച്ചത്.

****************************

## NILAMBUR – BOOTH

തിങ്കളാഴ്ച നടക്കുന്ന വോട്ടെണ്ണലിനുള്ള മുന്നോരുക്കങ്ങളും മണ്ഡലത്തിൽ പൂർത്തിയായി വരികയാണ്. കൗണ്ടിംഗ് സ്റ്റേഷനായ ചുങ്കത്തറ മാർത്തോമാ ഹയർ സെക്കൻഡറി സ്കൂളിൽ 14 ഇവിഎം കൗണ്ടിംഗ് ടേബിളുകളും 5 പോസ്റ്റൽ ബാലറ്റ്/ സർവീസ് വോട്ട് കൗണ്ടിങ് ടേബിളുകളും സജ്ജീകരിക്കും. 263 പോളിംഗ് ബൂത്തുകളിലായാണ് വോട്ടെടുപ്പ് നടന്നത്. നിലമ്പൂർ നഗരസഭയും വഴിക്കടവ്, മൂത്തേടം, എടക്കര, പോത്തുകല്ല്, ചുങ്കത്തറ, കരു ളായി, അമരമ്പലം പഞ്ചായത്തുകളും ഉൾപ്പെടുന്നതാണ് നിലമ്പൂർ നിയമസഭാ മണ്ഡലം.

****************************

## BYELECTION – OTHER STATES

ഗുജറാത്ത്, പഞ്ചാബ്, പശ്ചിമബംഗാൾ എന്നീ സംസ്ഥാനങ്ങളിലെ നാല് നിയമസഭാ മണ്ഡലങ്ങളിലും ഇന്ന് ഉപതിരഞ്ഞെടുപ്പ് നടന്നു. ഗുജറാത്തിലെ വിസാവ്ദർ മണ്ഡലത്തിൽ 5 മണി വരെയുള്ള കണക്കുകൾ പ്രകാരം 54.61 ശതമാനവും, കഡി മണ്ഡലത്തിൽ 54.49 ശതമാനവും പോളിങ് രേഖപ്പെടുത്തി. പഞ്ചാബിലെ ലുധിയാന മണ്ഡലത്തിൽ 49 ശതമാനവും പശ്ചിമബംഗാളിലെ കാളിഗഞ്ച് മണ്ഡലത്തിൽ 70 ശതമാനവുമാണ് പോളിങ്.

****************************

## PM-QS RANKING

ആഗോള വിദ്യാഭ്യാസ, ഗവേഷണരംഗങ്ങളിൽ ഇന്ത്യയുടെ മുന്നേറ്റത്തിന് തെളിവാണ് 'ക്യു. എസ്. ലോക സർവകലാശാല റാങ്കിങ് 2026' എന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഇന്ത്യൻ വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ച ശുഭസൂചനകളാണ് റാങ്കിങ് മുന്നോട്ട് വയ്ക്കുന്നതെന്ന്, കേന്ദ്ര മന്ത്രി ധർമേന്ദ്ര പ്രധാന്റെ സമൂഹമാധ്യമ പോസ്റ്റിനോട് പ്രതികരിക്കവേ പ്രധാനമന്ത്രി വ്യക്തമാക്കി. ഗവേഷണ, നൂതന ആശയ ആവാസവ്യവസ്ഥ മെച്ചപ്പെടുത്താൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും പ്രധാനമന്ത്രി പറഞ്ഞു. 12 ഐ.ഐ.ടി. കൾ ഉൾപ്പെടെ 54 ഇന്ത്യൻ സർവകലാശാലകളാണ് QS റാങ്കിങ്ങിൽ ഇത്തവണ ഇടം നേടിയത്.

*****************************

## ANNPURNA-GENDER BUDGET (INTRO)

കേന്ദ്ര സർക്കാരിൻറെ പരിശ്രമത്തിലൂടെ സമൂഹത്തിൻറെ എല്ലാ മേഖലകളിലും സ്ത്രീശാക്തീകരണം ഉറപ്പാക്കാൻ സാധിച്ചതായി കേന്ദ്ര മന്ത്രി അന്നപൂർണ ദേവി. ന്യൂ ഡൽഹിയിൽ ജൻഡർ ബജറ്റിംഗ് സംബന്ധിച്ച ദേശീയ യോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അവർ. ജൻഡർ ബജറ്റിംഗ് സംബന്ധിച്ച വിശദവിവരങ്ങൾ അടങ്ങിയ പോർട്ടലിന്റെ ഉദ്ഘാടനവും കേന്ദ്രമന്ത്രി നിർവഹിച്ചു. വിവിധ കേന്ദ്ര മന്ത്രാലയങ്ങൾ, സംസ്ഥാനങ്ങൾ, യു എൻ വിമൻ, ഏഷ്യൻ വികസന ബാങ്ക് എന്നിവയിൽ നിന്നുള്ള പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു.

(വോയിസ്)

*****************************

## ISRAEL-IRAN CONFLICT

ഇറാൻ- ഇസ്രയേൽ സംഘർഷം ഏഴാംദിവസവും രൂക്ഷമായി തുടരുന്നു. ഇസ്രായേലിലെ ടെൽ അവീവിനടുത്തുള്ള രണ്ട് പട്ടണങ്ങൾ ഇറാൻ ആക്രമിച്ചു. ടെൽ അവീവ് സ്റ്റോക്ക് എക്സ്ചേഞ്ച് കെട്ടിടവും തെക്കൻ ഇസ്രായേലിലെ ഒരു

ആശുപത്രിയും ഇറാന്റെ മിസൈൽ ആക്രമണത്തിനിരയായി. ആക്രമണത്തിൽ 130ലേറെപ്പേർക്ക് പരിക്കേറ്റിട്ടുണ്ട്. അതേസമയം ഇറാന്റെ അരാക് ഹെവി വാട്ടർ ന്യൂക്ലിയർ റിയാക്ടറിനെ ആക്രമിച്ചതായി ഇസ്രായേൽ സൈന്യം അറിയിച്ചു. ടെഹ്റാനിലെ സൈനിക കേന്ദ്രങ്ങൾക്ക് നേരെയും ഇസ്രായേൽ വ്യോമാക്രമണം നടത്തി. അതിനിടെ, ഇസ്രയേൽ-ഇറാൻ സംഘർഷം പരിഹരിക്കാൻ മധ്യസ്ഥതയ്ക്ക് തയ്യാറാണെന്ന് റഷ്യ അറിയിച്ചു.

*****************************

## OPERATION SINDHU

വടക്കൻ ഇറാനിൽ നിന്ന് ഒഴിപ്പിച്ച 110 ഇന്ത്യൻ വിദ്യാർത്ഥികളെയും വഹിച്ചുകൊണ്ടുള്ള ആദ്യ വിമാനം ഇന്ന് പുലർച്ചെ ന്യൂഡൽഹിയിലെത്തി. ഇറാൻ-ഇസ്രയേൽ സംഘർഷം അയവില്ലാതെ തുടരുന്ന സാഹചര്യത്തിലാണ്, ഇറാനിൽ നിന്ന് പൗരന്മാരെ ഒഴിപ്പിക്കാൻ ഇന്ത്യ ഓപ്പറേഷൻ സിന്ധു ആരംഭിച്ചത്. ഈ മാസം 17 ന് തന്നെ വിദ്യാർത്ഥികളെ എംബസി കരമാർഗം അർമേനിയയിൽ എത്തിച്ചിരുന്നു. ഇന്ത്യക്കാരുമായുള്ള മറ്റൊരു വിമാനവും ഇന്ന് മടങ്ങിയെത്തുമെന്ന് പ്രതീക്ഷിക്കുന്നതായി വിദേശകാര്യ സഹമന്ത്രി കീർത്തിവർദ്ധൻ സിങ്ങ് അറിയിച്ചു. 350 പേരാണ് മടങ്ങിയെത്തുന്നതിനായി ഇതുവരെ അപേക്ഷ നൽകിയതെന്നും മന്ത്രി പറഞ്ഞു.

*****************************

## PM VISIT BIHAR

പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ബീഹാർ സന്ദർശിക്കും. 5,700 കോടി രൂപയും വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നാളെ തുടക്കം കുറിക്കും. സിവാൻ ജില്ലയിൽ നടക്കുന്ന പൊതു സമ്മേളനത്തെയും അദ്ദേഹം അഭിസംബോധന ചെയ്യും.

*****************************

## MINISTRY TRIBAL AFFAIRS (INTRO)

രാജ്യത്തെ ഗോത്രവിഭാഗങ്ങൾക്കിടയിൽ സമൂലമായ പരിവർത്തനത്തിനാണ് സർക്കാർ പരിശ്രമിക്കുന്നതെന്ന്

കേന്ദ്രമന്ത്രി ജൂവൽ ഒറാം. ഗോത്രവർഗക്കാരുടെ ക്ഷേമത്തിനായി കഴിഞ്ഞ പതിനൊന്ന് വർഷങ്ങളിൽ നടത്തിയ പ്രവർത്തനങ്ങൾ, ആകാശവാണിക്ക് നൽകിയ പ്രത്യേക അഭിമുഖത്തിൽ അദ്ദേഹം വ്യക്തമാക്കി.
(ഹോൾഡ് വോയിസ്)

*****************************

## INTERNATIONAL YOGA-DAY (INTRO)

അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച്, ജൂൺ 21ന് ഭൂമിക്കും ഏകാരോഗ്യത്തിനും യോഗ എന്ന പ്രമേയത്തിൽ രാജ്യത്തുടനീളം ഒരു ലക്ഷത്തിലധികം യോഗ പരിപാടികൾ ആയുഷ് മന്ത്രാലയത്തിൻറെ നേതൃത്വത്തിൽ സംഘടിപ്പിക്കും. രാവിലെ 6:30 മുതൽ 7:40 വരെ ആയിരിക്കും പരിപാടികൾ.
(JINGLE)
ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്ത് നടക്കുന്ന പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുക്കും.

*****************************

## INDIA- ENGLAND TEST

ഇന്ത്യ -ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയ്ക്ക് നാളെ തുടക്കമാകും. ഇംഗ്ലണ്ടിലെ ലീഡ്സിലാണ് മത്സരം. അഞ്ചു മത്സരങ്ങളാണ് പരമ്പരയിൽ ഉള്ളത്. ശുഭ് മാൻ ഗില്ലാണ് ഇന്ത്യൻ ടീമിനെ നയിക്കുന്നത്.

*****************************

## NAIDU-AVIATION

വ്യോമയാന മേഖലയിലെ സുരക്ഷ, യാത്രക്കാർക്ക് ലഭ്യമാക്കുന്ന സൗകര്യങ്ങൾ, എയർലൈനുകളുടെ പ്രകടനം എന്നിവ കേന്ദ്ര മന്ത്രി രാം മോഹൻ നായിഡു അവലോകനം ചെയ്തു. മന്ത്രാലയത്തിലെ ഉന്നത ഉദ്യോഗസ്ഥർ ഉൾപ്പെടെ യോഗത്തിൽ പങ്കെടുത്തു. അഹമ്മദാബാദിലെ വിമാന അപകടം സംബന്ധിച്ച എയർക്രാഫ്റ്റ് ആക്സിഡന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ അന്വേഷണം ദ്രുതഗതിയിൽ പുരോഗമിക്കുകയാണെന്നും സിവിൽ വ്യോമയാന മന്ത്രാലയം വ്യക്തമാക്കി.

*****************************

## PLANE CRASH UPDATE

അഹമ്മദാബാദ് വിമാന അപകടത്തിൽ മരിച്ചവരിൽ 211 പേരെ ഡി എൻ എ പരിശോധനയിലൂടെ തിരിച്ചറിഞ്ഞു. 189 മൃതദേഹങ്ങൾ ബന്ധുക്കൾക്ക് കൈമാറിയതായി ഗുജറാത്ത് ആരോഗ്യമന്ത്രി ഋഷികേശ് പട്ടേൽ അറിയിച്ചു.

*****************************

## SAJI CHERIYAN – PATHANAMTHITTA

അഹമ്മദാബാദ് വിമാന ദുരന്തത്തിൽ മരിച്ച പത്തനംതിട്ട പുല്ലാട് സ്വദേശിനി രഞ്ജിത ഗോപകുമാരൻ നായരുടെ വീട്ടിലെത്തി കുടുംബാംഗങ്ങളെ ആശ്വസിപ്പിച്ച മന്ത്രി സജി ചെറിയാൻ. രഞ്ജിതയുടെ മൃതദേഹം വിട്ടുകിട്ടുന്നതിനായി ഡി.എൻ.എ ഫലം കാത്ത് സഹോദരൻ രതീഷ് അഞ്ചാംദിവസവും അഹമ്മദാബാദിൽ തുടരുകയാണ്.

*****************************

## PM – DIVYA DESHMUKH

ലണ്ടനിൽ നടന്ന വേൾഡ് ടീം ബ്ലിറ്റ്സ് ചാമ്പ്യൻഷിപ്പ് സെമിയിൽ, ലോക ഒന്നാം നമ്പർ താരം ഹൗ യിഫാനെതിരെ ചരിത്ര വിജയം നേടിയ ചെസ്സ് താരം ദിവ്യ ദേശ്മുഖിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി അനുമോദിച്ചു. വിജയം ദിവ്യയുടെ ദൃഢനിശ്ചയം എടുത്തുകാണിക്കുന്നുവെന്നും, ഭാവിയിലെ താരങ്ങൾക്ക് പ്രചോദനമേകുന്നുവെന്നും പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

*********************************************************************************************************
*